**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 446** **28-01-2026-ൽ മറുപടിയ്ക്ക്**

**വിവിധ ഇനങ്ങളിൽ നൽകാനുള്ള കുടിശ്ശിക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ, ഉച്ചഭക്ഷണ പദ്ധതി, സർക്കാർ കരാറുകാർക്ക് നൽകാനുള്ള തുക, ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും, ലൈഫ് പദ്ധതി, മറ്റ് പദ്ധതികകൾ എന്നിവയിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശികയുണ്ട്; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

**മറുപടി:** കേന്ദ്രസഹായമുള്ള ആരോഗ്യ സുരക്ഷാ പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ), സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (സി.എച്ച്.ഐ.എസ്), ചിസ് പ്ലസ്, സീനിയർ സിറ്റിസൺ ആരോഗ്യ ഇൻഷ്വറൻസ് (എസ്.സി.എച്ച്.ഐ.എസ്), എന്നിവ ലയിപ്പിച്ച രൂപീകരിച്ച കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (കാസ്പ്) യിൽ കേന്ദ്ര വിഹിതത്തിനാനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതത്തിൽ കുടിശ്ശികയില്ല. എന്നാൽ പ്രസ്തുത പദ്ധതി കൂടുതൽ ആനുകൂല്യങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുള്ളതിനാൽ അതു സംബന്ധിച്ച അധിക ബാധ്യത സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 28.02.2026 വരെയുള്ള കാലയളവിൽ പദ്ധതിയുടെ കീഴിൽ 1824.30 കോടി രൂപ കുടിശ്ശികയുണ്ട്. 2025-26 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായ കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 918 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 28.02.2026 വരെയുള്ള കാലയളവ് കണക്കിലെടുക്കുമ്പോൾ 285.34 കോടി രൂപ കാരുണ്യ ബെനവലെന്റ് സ്കീമിനു കീഴിലും 29.90 കോടി രൂപ ആരോഗ്യ കിരണത്തിന് കീഴിലും കുടിശ്ശികയായി ഉണ്ടായിരുന്നു. കുടിശികകൾ മുൻഗണന ക്രമത്തിൽ തീർപ്പാക്കുന്നതിനായി 74.30 കോടി രൂപ കാരുണ്യ ബെനവലെന്റ് സ്കീമിനു നടപ്പ് വർഷം അധിക ധനാനുമതി വഴി നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിൽ നിന്നും ഉച്ച ഭക്ഷണ പദ്ധതിയിനത്തിൽ സപ്ലൈകോയ്ക്ക് നൽകുവാൻ 38.53 കോടി രൂപയും സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ ഹോണറേറിയം ഇനത്തിൽ കുടിശ്ശികയുള്ള 1.6 കോടി രൂപ ക്രേന്ദ ഫണ്ടിന്റെ നാലാം ഗഡു ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. 28.03.2026 വരെയുള്ള കണക്കുകൾ പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 2025 ജൂലൈ മാസം വരെയും ഹാർബർ എഞ്ചിനീയറിംഗ്, ജലവിഭവം എന്നീ വകുപ്പുകളിൽ 2025 നംവബർ മാസം വരെയുള്ള ബില്ലുകളുടെ തുക അനുദിച്ച് നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട അധ്യാപകർ ഉൾപ്പെടെ) അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശികയായി ഏകദേശം 22,376.70 കോടി രൂപയും സർവീസ് പെൻഷൻകാർക്കും (UGC/AICTE/Medical Education സ്കീമുകളിൽ ഉൾപ്പെട്ട പെൻഷൻകാർ ഉൾപ്പെടെ) ഫാമിലി പെൻഷൻകാർക്കും അനുവദിച്ച ക്ഷാമാശ്വാസത്തിന്റെ കുടിശ്ശികയായി ഏകദേശം 16,142.23 കോടി രൂപയും നൽകാനുണ്ട്.

ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തിൽ സംസ്ഥാന വിഹിതം നൽകുന്നതിൽ നിലവിൽ കുടിശ്ശികയില്ല.

**(ബി)** നിലവിലുള്ള സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മേൽപ്പറഞ്ഞവയിൽ ഓരോന്നിന്റെയും കുടിശ്ശിക തുക എത്ര വീതം കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

**മറുപടി:** സമയബന്ധിതമായി കുടിശ്ശികകൾ തീർപ്പാക്കി വരുന്നു.

**(സി)** ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശിക ഏത് തീയതി മുതലാണ് വിതരണം ചെയ്യാനുള്ളത്; എത്ര തുകയാണ് ഇതിനായി ആവശ്യമുള്ളത്; ഏത് തീയതിയിൽ ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും; വ്യക്തമാക്കാമോ;

**മറുപടി:** നാളിതുവരെ അനുവദിച്ച ക്ഷാമബത്തയുടെയും ക്ഷാമാശ്വാസത്തിന്റെയും കുടിശ്ശിക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

04.02.2026 ലെ G.O.(P)No.15/2026/FIN ഉത്തരവ് പ്രകാരം ഒരു ഗഡു ക്ഷാമബത്ത (3%) 2026 ഫെബ്രുവരി മാസത്തെ ശമ്പളത്തോടൊപ്പവും 20.02.2026-ലെ G.O.(P)No.27/2026/FIN ഉത്തരവ് പ്രകാരം 10% ക്ഷാമബത്ത 2026 മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പവും സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ 06.03.2026-ലെ G.O.(P)No.44/2026/FIN ഉത്തരവ് പ്രകാരം ക്ഷാമബത്ത/ ക്ഷാമാശ്വാസ കുടിശ്ശികയും 2026–2027 സാമ്പത്തിക വർഷം മുതൽ എട്ട് ഗഡുക്കളായി അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്.

**(ഡി)** വിവിധ സാമൂഹ്യ ക്ഷേമപെൻഷൻ ഇനത്തിൽ നാളിതുവരെ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ആകെ എത്ര തുക വേണ്ടി വരും; കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** നിലവിൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ കുടിശ്ശികയില്ല. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിങ്ങനെ 3 തരം പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. നിലവിൽ 2026 ജനുവരി മാസം വരെയുള്ള ക്ഷേമ പെൻഷൻ തുകകൾ കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്തിട്ടുണ്ട്. അതേ സമയം ആവശ്യമായ രേഖകളുടെ അഭാവം, ആധാർ ലിങ്കിംഗ് ചെയ്യുന്നതിൽ വന്നിട്ടുള്ള തടസ്സം

തുടങ്ങിയ വിവിധ സാങ്കേതിക കാരണങ്ങളാൽ 2016 ഒക്ടോബർ മാസം മുതൽ 2023 ഡിസംബർ മാസം വരെയുള്ള കാലയളവിലെ ചില അപേക്ഷകളിൽ പെൻഷൻ കുടിശ്ശിക ആയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

1. വാർദ്ധക്യ കാല പെൻഷൻ

(മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി) –21.44 Cr

2. വിധവ പെൻഷൻ - 2.10 Cr

മേൽ പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനായി വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**